**പതിനാറാം കേരള നിയമസഭ**

ഒന്നാം സമ്മേളനം

**ചോദ്യോത്തരങ്ങൾ-സംഗ്രഹം**

2026 ജൂൺ 30, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

18(*121) വിദ്യാലയങ്ങളിൽ കായികാഭ്യാസങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പുമന്ത്രി (ശ്രീ. ഒ. ജെ. ജനീഷ്) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ ആരോഗ്യ കായിക വിദ്യാഭ്യാസവും സ്പോർട്സും നിർബന്ധിത പാഠ്യവിഷയമാണെന്നും "കായികം ആണ് ലഹരി" എന്ന ആശയം മുൻനിർത്തിയുള്ള പാഠ്യപദ്ധതിയിലൂടെ കുട്ടികളുടെ ശാരീരിക-മാനസിക ഊർജത്തെ സർഗ്ഗാത്മകമായി വഴിതിരിച്ചുവിടാനാണ് സർക്കാർ ലക്ഷ്യമിടുന്നതെന്നും സഭയെ അറിയിച്ചു. വിദ്യാഭ്യാസത്തിനുള്ള പ്രാധാന്യം കായിക വിനോദങ്ങൾക്കും നൽകണമെന്ന KER വ്യവസ്ഥ പാലിക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ടെന്നും കുട്ടികളുടെ കായിക മേഖലയിലെ കഴിവുകൾ കണ്ടെത്തി വികസിപ്പിക്കുന്നതിനായി ബോക്സിങ്, ജൂഡോ, നീന്തൽ, ഫുട്ബോൾ, ബാസ്കറ്റ്ബോൾ, അത്‌ലറ്റിക്സ്, തൈക്കൊണ്ടോ എന്നീ ഇനങ്ങളിൽ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്നും മന്ത്രി കൂട്ടിച്ചേർത്തു. കുട്ടികളിൽ ആരോഗ്യകരമായ ജീവിതശൈലി, ശാരീരികക്ഷമത, ആരോഗ്യബോധം എന്നിവ വളർത്തിയെടുക്കുന്നതിനായി "ഹെൽത്തി കിഡ്സ്" പദ്ധതി നടപ്പാക്കിയിട്ടുണ്ടെന്നും 2026-27 അധ്യയന വർഷത്തിൽ ഒന്ന് മുതൽ പന്ത്രണ്ട് വരെ ക്ലാസ്സുകളിലെ ആരോഗ്യ കായിക വിദ്യാഭ്യാസ പാഠപുസ്തകങ്ങളിൽ ആയോധനകലകളുമായി ബന്ധപ്പെട്ട ഉള്ളടക്കങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾക്കും വിവിധ മാർഷ്യൽ ആർട്സ് ഇനങ്ങളിൽ പരിശീലനം നൽകിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. "ഒരു പഞ്ചായത്തിൽ ഒരു കളിക്കളം" പോലുള്ള വിവിധ പദ്ധതികളുടെ ഭാഗമായി നിരവധി സ്കൂളുകളിൽ കളിസ്ഥലങ്ങൾ

നിർമ്മിക്കുകയും നവീകരിക്കുകയും ചെയ്തുവരുന്നുണ്ടെന്നും ഓരോ സ്കൂളിലും ഒരു കായിക ഇനമെങ്കിലും പ്രോത്സാഹിപ്പിക്കുന്നതിനായി "ഒരു സ്കൂളിൽ ഒരു ഗെയിം പദ്ധതി" നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ നിയന്ത്രണത്തിൽ 28 ജില്ലാ സ്പോർട്സ് അക്കാദമികളും 41 കോളേജ് സ്പോർട്സ് അക്കാദമികളും 13 സ്കൂൾ സ്പോർട്സ് അക്കാദമികളും പ്രവർത്തിച്ചുവരുന്നുണ്ട്. സ്പോർട്സ് ഹോസ്റ്റലുകളിൽ കായികതാരങ്ങൾക്കാവശ്യമായ പരിശീലനോപകരണങ്ങളും കിറ്റും യാത്രാബത്ത ഉൾപ്പെടെയുള്ള ധനസഹായങ്ങളും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന നൽകിവരുന്നുണ്ട്. സ്കൂളുകളിലെ കായികാധ്യാപകരുടെ കുറവ് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും മത്സരങ്ങളിൽ പരിക്കേൽക്കുന്ന സ്കൂൾ കായികതാരങ്ങൾക്ക് ചികിത്സാ ധനസഹായം അനുവദിക്കുന്നതിന് അനുകൂല സമീപനം സ്വീകരിക്കുന്നതാണെന്നും സ്കൂൾ പ്രവർത്തനങ്ങളെ ബാധിക്കാത്തവിധം സ്കൂൾ ഗ്രൗണ്ടുകൾ പൊതുസമൂഹത്തിന് ഉപയോഗപ്രദമാക്കാൻ ഇടപെടൽ നടത്തുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

19(*122) <u>മോട്ടോർ വാഹന വകുപ്പിലെ സേവനങ്ങൾ സുതാര്യവും ജനസൗഹൃദവുമാക്കാൻ നടപടി</u>

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. സി. പി. ജോൺ) നൽകിയ മറുപടിയിൽ, മോട്ടോർ വാഹന വകുപ്പിലെ സേവനങ്ങൾ സുതാര്യവും ജനസൗഹൃദവുമാക്കാൻ വാഹൻ ട്രേഡ് സർട്ടിഫിക്കറ്റ് മൊഡ്യൂൾ, വാഹൻ നാഷണൽ പെർമിറ്റ് പോർട്ടൽ, വാഹൻ വി.എൽ.ടി.ഡി. (VLTD) മൊഡ്യൂൾ, ഹൈപോതിക്കേഷൻ ടെർമിനേഷൻ ഇന്റഗ്രേഷൻ വിത്ത് ബാങ്ക് മൊഡ്യൂൾ, ഇ-സബ്സിഡി മൊഡ്യൂൾ, അഡ്വർടൈസ്മെന്റ് മൊഡ്യൂൾ ഉൾപ്പെടെ വിവിധ ഡിജിറ്റൽവൽക്കരണ പദ്ധതികൾ നടപ്പാക്കിവരുന്നുണ്ടെന്നും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും ഡ്രൈവിങ് ലൈസൻസും ഡിജിറ്റലായി ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ഹൈപ്പോതിക്കേഷൻ ടെർമിനേഷന് 'പരിവാഹൻ' പോർട്ടലിൽ ഓട്ടോ അപ്രൂവൽ (Auto-Approval) സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്നും ലൈസൻസ് സംബന്ധമായ എല്ലാ സേവനങ്ങളും ഓൺലൈനായി 'സാരഥി' പോർട്ടലിലൂടെ നൽകിവരുന്നുണ്ടെന്നും ഡ്രൈവിങ് ലൈസൻസ് പരീക്ഷ വസ്തുനിഷ്ഠവും സുതാര്യവും ഏകീകൃതവുമാക്കുന്നതിനായി കമ്പ്യൂട്ടറൈസ്ഡ് ഓട്ടോമേറ്റഡ്

ഡ്രൈവിങ് ടെസ്റ്റ് ട്രാക്ക് രൂപകല്പന ചെയ്തിട്ടുള്ളതിനാൽ പരിശോധനയ്ക്കും ഓഡിറ്റിനും സൗകര്യമുണ്ടെന്നും മന്ത്രി വ്യക്തമാക്കി. പൊതുജനങ്ങൾക്ക് വകുപ്പിലെ സേവനങ്ങൾക്ക് അക്ഷയ കേന്ദ്രങ്ങൾ വഴിയോ സ്വന്തം മൊബൈൽ/കമ്പ്യൂട്ടർ വഴിയോ നേരിട്ട് അപേക്ഷിക്കാമെന്നതിനാൽ ഓഫീസുകളിലെ ജനത്തിരക്ക് കുറയ്ക്കാനും ഇടനിലക്കാരുടെ ഇടപെടലുകൾ ഇല്ലാതാക്കാനും നികുതികളും ഫീസുകളും ഇ-ചെലാൻ പിഴകളും 'പരിവാഹൻ' പോർട്ടൽവഴി ഒടുക്കുന്നതിനാൽ ചൂഷണങ്ങളില്ലാതാക്കാനും സാധിച്ചിട്ടുണ്ട്. വാഹനങ്ങൾ രൂപമാറ്റം വരുത്തുന്നതിന് ഇളവുകൾ നൽകുന്നത് സംബന്ധിച്ച ചർച്ചകൾ നടത്തിവരുന്നുണ്ടെന്നും മൊഡ്യൂളുകളുടെ ഹാങ്ങിങ് പ്രശ്നം പരിഹരിക്കുന്നതിന് നടപടിയെടുക്കുമെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ടെന്നും പ്രീ ലൈസൻസ് ട്രെയിനിങ് സ്കൂൾ കരിക്കുലത്തിലുൾപ്പെടുത്തുന്ന കാര്യം പരിഗണനയിലാണെന്നും ആർ.ടി. ഓഫീസുകൾ നവീകരിക്കുന്നതിനും എറണാകുളം മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റിയുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

20(*123) <u>കാർഷിക മേഖലയിൽ വനിതകളുടെ പങ്കാളിത്തം</u>

കൃഷി വകുപ്പുമന്ത്രി (ശ്രീ. ടി. സിദ്ദിഖ്) നൽകിയ മറുപടിയിൽ, കാർഷിക മേഖലയിൽ വനിതകളുടെ നേതൃത്വത്തിലുള്ള കാർഷിക സംരംഭങ്ങളും കർഷക കൂട്ടായ്മകളും പ്രോത്സാഹിപ്പിക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പുമായി സഹകരിച്ച് 'കൃഷി സഖി' പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. 2026-27 കാലയളവിൽ 350 ലക്ഷം രൂപ പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ടെന്നും 300 വനിതാ കൃഷി സംഘങ്ങൾക്ക് ഇതിലൂടെ സഹായം നൽകാനുദ്ദേശിക്കുന്നുണ്ടെന്നും മന്ത്രി കൂട്ടിച്ചേർത്തു. സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം മുഖേന നടപ്പാക്കുന്ന എം.എസ്.എം.ഇ. പദ്ധതിയോടൊപ്പം കാർഷിക അടിസ്ഥാന സൗകര്യ വികസന ഫണ്ട്, കിസാൻ ക്രെഡിറ്റ് കാർഡ്, സബ്-മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ എന്നീ പദ്ധതികളിലും വനിതാ കർഷകരെ ഉൾപ്പെടുത്തിയിട്ടുണ്ട്. കാർഷിക മേഖലയിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുന്നകാര്യം പരിഗണിക്കുന്നതാണെന്നും തവനൂരിൽ കാർഷിക കോളേജ് സ്ഥാപിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

21(*124) <u>ഉന്നത വിദ്യാഭ്യാസ മേഖലയുടെ ആധുനികീകരണം</u>

ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. റോജി എം. ജോൺ) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ സമഗ്ര പരിഷ്കാരങ്ങൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും വിദ്യാഭ്യാസത്തെ തൊഴിൽ സാധ്യതകൾ ഉറപ്പാക്കുന്ന സംവിധാനമായും ഗവേഷണത്തിനും പുതുമയുള്ള ആശയങ്ങൾക്കും പ്രാധാന്യം നൽകുന്ന അക്കാദമിക അന്തരീക്ഷമായും വികസിപ്പിക്കുക എന്നതാണ് ലക്ഷ്യമെന്നും സഭയെ അറിയിച്ചു. തൊഴിൽ സാധ്യതകൾ കണക്കിലെടുത്ത് പാഠ്യപദ്ധതിയും നൈപുണ്യ വികസന പരിപാടികളും പരിഷ്കരിക്കുമെന്നും നിർമ്മിത ബുദ്ധി, ക്വാണ്ടം കമ്പ്യൂട്ടിങ്, ബയോടെക്നോളജി തുടങ്ങിയ അത്യാധുനിക സാങ്കേതികവിദ്യകളുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി Future Readiness Think Tank രൂപീകരിക്കുമെന്നും വിദ്യാർഥികളുടെ സുരക്ഷയും ക്ഷേമവും ഉറപ്പാക്കുന്നതിനായി Sidharthan App, Campus Ombudsman സംവിധാനം എന്നിവ നടപ്പാക്കുമെന്നും മന്ത്രി കൂട്ടിച്ചേർത്തു. Industry-Academia Collaboration ശക്തിപ്പെടുത്തുന്നതിനായി Industry on Campus - Earn and Learn പദ്ധതി വ്യാപിപ്പിക്കുകയും Faculty-led Start-ups, Consultancy Ventures, Section 8 Companies എന്നിവയ്ക്ക് അനുമതി നൽകി 'research, development & innovation' പ്രോത്സാഹിപ്പിക്കുകയും ചെയ്യുമെന്ന് മന്ത്രി വ്യക്തമാക്കി. പ്രഗത്ഭരായ വിദ്യാർഥികളെ കേരളത്തിൽ നിലനിർത്തുന്നതിനായി ആഗോളതലത്തിൽ മത്സരാധിഷ്ഠിത ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ വികസിപ്പിക്കുന്നതോടൊപ്പം Semester in Kerala പദ്ധതിയിലൂടെ വിദേശ വിദ്യാർഥികളെ ആകർഷിക്കുന്ന തരത്തിൽ അക്കാദമിക് ടൂറിസം ശക്തിപ്പെടുത്തുന്നതാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഗവേഷണ സൗകര്യങ്ങൾ, Innovation Centres, Incubation Ecosystems എന്നിവ സംയോജിപ്പിച്ച് Global Knowledge Exchange Park (KEP) സ്ഥാപിക്കുന്നതും വിദ്യാർഥികൾക്ക് വേഗത്തിൽ തൊഴിൽ ലഭ്യമാക്കുന്നതിനായി Bridge Programmes, Apprenticeship അവസരങ്ങൾ, AI അധിഷ്ഠിത പഠന-ഗവേഷണ സംവിധാനങ്ങൾ എന്നിവ നടപ്പാക്കുന്നതുമാണ്. കേരളത്തെ ഒരു ഹയർ എജ്യൂക്കേഷൻ ഹബ്ബാക്കി മാറ്റുകയെന്ന ലക്ഷ്യം യാഥാർഥ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണെന്ന് ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.